## കേരള സംഗീത നാടക അക്കാദമി തൃശ്ശൂർ - 20
## പ്രവാസി അമേച്വർ നാടക മത്സരം - 2017
## നിയമാവലി

1. ഈ നാടകമത്സരത്തിന് കേരള സംഗീത നാടക അക്കാദമി പ്രവാസി അമേച്വർ നാടകമത്സരം എന്നായിരിക്കും പേര്.

2. ഈ മത്സര നിയമാവലി പ്രകാരം 'പ്രവാസി' എന്നാൽ ഇന്ത്യക്കകത്തും എന്നാൽ കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ താമസിക്കുന്നവർ എന്ന് തെളിയിക്കുന്ന വ്യക്തമായ തിരിച്ചറിയൽ രേഖകൾ (വോട്ടർകാർഡ്, ആധാർകാർഡ് മുതലായവ) ഹാജരാക്കുന്ന വ്യക്തികളായിരിക്കും.

3 അക്കാദമിയിൽ അഫിലിയേറ്റ് ചെയ്യാത്ത സമിതികൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

4. നാലുമേഖലകളിലായിട്ടായിരിക്കും മത്സരം നടത്തുന്നത്. (ബാഗ്ലൂർ ആസ്ഥാനമാക്കിയ ദക്ഷിണമേഖല, മുംബൈ ആസ്ഥാനമാക്കിയ പശ്ചിമമേഖല, ഡൽഹി ആസ്ഥാനമാക്കിയ ഉത്തരമേഖല, കൽക്കട്ട ആസ്ഥാനമാക്കിയ പൂർവ്വമേഖല)

5. ഓരോ മേഖലയിൽ നിന്നും പരമാവധി അഞ്ചു നാടകങ്ങൾ വീതം മത്സരത്തിനു തെരഞ്ഞെടുക്കും. വിധി നിർണ്ണയിക്കുന്നത് അക്കാദമി നിശ്ചയിക്കുന്ന മൂന്നുപേരടങ്ങുന്ന ഒരു ജഡ്ജിംഗ് കമ്മിറ്റിയായിരിക്കും.വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

6. നാടകമത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ തങ്ങളുടെ അപേക്ഷകളും നാടകത്തിന്റെ സ്ക്രിപ്റ്റുകളും താഴെ പറയുംവിധം അയച്ചിരിക്കേണ്ടതാണ്.

എ) മത്സരത്തിൽ പങ്കെടുക്കാനുള്ള അപേക്ഷ അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ നാടകരചയിതാവിന്റെയും നാടകം അവതരിപ്പിക്കുന്ന സംഘത്തിന്റെ സെക്രട്ടറിയുടെ/ മറ്റു ഉത്തരവാദപ്പെട്ട അധികാരികളുടെയും ഒപ്പോടുകൂടി അക്കാദമി പ്രസിദ്ധപ്പെടുത്തുന്ന നിശ്ചിത തിയതിക്കകം അയച്ചിരിക്കണം. ഓരോ മേഖലയിലേയും സംഗീത നാടക അക്കാദമി സാംസ്കാരിക സമിതി വഴിയാണ് അമേച്വർ നാടകങ്ങൾ അയക്കേണ്ടത്. അക്കാദമി ഓഫീസിലേക്ക് നേരിട്ടും അവസാന ദിവസത്തിനു മുമ്പ് കിട്ടത്തക്കവിധം അപേക്ഷ അയക്കാവുന്നതാണ്.

ബി) നാടകത്തിന്റെ ഡി.ടി.പി ചെയ്ത മൂന്നു കോപ്പികൾ വീതം അയക്കണം. അവ തിരികെ കൊടുക്കുന്നതല്ല. നാടകത്തിന്റെ കോപ്പിയിൽ, അവതരിപ്പിക്കുന്ന സംഘത്തിന്റേയോ നാടകകൃത്തിന്റേയോ പേരും വിലാസവും ഉണ്ടായിരിക്കരുത്.

സി) മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ നാടക കൃത്തിന്റേയും സംവിധായകന്റേയും പ്രധാന നടന്റെയും നടിയുടേയും പാസ്പോർട്ട് സൈസ് ഫോട്ടോകളുടെ 2 വീതം കോപ്പികൾ ഫോട്ടോയുടെ പിന്നിൽ പേരെഴുതി മത്സരത്തിനുമുമ്പ് അയച്ചുതരണം.

----------------------2

7. അവതരണാനുമതി ലഭിക്കുന്ന നാടകസംഘങ്ങൾ അക്കാദമി നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും നാടകം അവതരിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇക്കാര്യം ഉറപ്പു നൽകുന്ന ഒരു കരാർ 100 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട് നല്കേണ്ട താണ്.

8. മത്സരിക്കുന്നതിന് സമർപ്പിക്കപ്പെടുന്ന നാടകങ്ങൾ താഴെപ്പറയുന്ന ചട്ടങ്ങൾക്കു വിധേയമായിരിക്കണം.

എ) അവതരിപ്പിക്കാനുദ്ദേശിക്കുന്ന നാടകത്തിന്റെ കോപ്പികൾ അയക്കേണ്ടത് നാടകം അവതരിപ്പിക്കുന്ന സംഘം മുഖേനയായിരിക്കണം.

ബി) നാടകത്തിന്റെ അവതരണ ദൈർഘ്യം ഒരു മണിക്കൂറിനും ഒന്നര മണിക്കൂറിനും ഇടയിലായിരിക്കണം

സി) പ്രക്ഷേപണം ചെയ്തിട്ടില്ലാത്തതും അവതരിപ്പിച്ചിട്ടില്ലാത്തതുമായ പുതിയ നാടക രചനകൾ മാത്രമേ മത്സരത്തിന് സ്വീകരിക്കുകയുള്ളൂ.

ഡി) നോവൽ, ചെറുകഥ, കവിത, വിദേശ നാടകങ്ങൾ എന്നിവയുടെ പുതിയ നാടക രൂപങ്ങൾ (പുനരെഴുത്ത്) മത്സരത്തിന് സ്വീകരിക്കുന്നതാണ്.

ഇ) ഒരു സമിതി ഒന്നിൽ കൂടുതൽ നാടകങ്ങൾ മത്സരത്തിനയക്കുവാൻ പാടുള്ളതല്ല.

9. സ്വതന്ത്രവും മൗലികവുമായ മലയാള നാടകങ്ങൾ മാത്രമേ നാടകരചനക്കുള്ള അവാർഡിന് പരിഗണിക്കുകയുള്ളൂ. നാടക കൃത്ത് പ്രവാസി ആയിരിക്കണമെന്ന് നിർബന്ധമില്ല. പക്ഷേ അവാർഡു നിർണ്ണയത്തിൽ പ്രവാസികളെ മാത്രമേ പരി ഗണിക്കുകയുള്ളൂ.

10. ഒരു നടനോ നടിക്കോ സംവിധായകനോ ഒന്നിലധികം നാടകങ്ങളിൽ പങ്കെടു ക്കാൻ പാടില്ല. സംവിധായകൻ പ്രവാസി ആയിരിക്കണമെന്ന് നിർബന്ധമില്ല. നടന്മാരും നടികളും പ്രവാസികൾ തന്നെയായിരിക്കണം.

11. സംവിധായകനുള്ള അവാർഡിന് പ്രവാസി സംവിധായകരെ മാത്രമെ പരിഗണി ക്കുകയുള്ളൂ.

12. ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിന്റെ അർത്ഥത്തെ സംബന്ധിച്ച് തർക്കം ഉത്ഭവിക്കുന്നപക്ഷം അതിനെപറ്റി അവസാന വിധി പറയാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

………3

13. ഈ നാടകമത്സരത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശൂരായിരിക്കും.

14. പ്രവാസി മത്സരത്തിൽ സമ്മാനാർഹരാകുന്നവർക്ക് താഴെപ്പറയുന്ന വിധത്തിൽ കാഷ് അവാർഡും, സർട്ടിഫിക്കറ്റും, ഫലകവും നല്കുന്നതാണ്.

<u>അഖിലേന്ത്യാ തലത്തിൽ</u>

| | | |
|---|---|---|
| മികച്ച അവതരണം | - 1 എണ്ണം | 30,000/- രൂപ |
| മികച്ച പ്രവാസി രചയിതാവ് | - 1 എണ്ണം | 15,000/- രൂപ |
| മികച്ച പ്രവാസി സംവിധായകൻ | - 1 എണ്ണം | 15,000/- രൂപ |
| മികച്ച പ്രവാസി നടൻ | - 1 എണ്ണം | 15,000/- രൂപ |
| മികച്ച പ്രവാസി നടി | - 1 എണ്ണം | 15,000/- രൂപ |

<u>മേഖല തലത്തിൽ</u>

| | | |
|---|---|---|
| മികച്ച അവതരണം | - 3 എണ്ണം | 20,000/- രൂപ വീതം |
| മികച്ച പ്രവാസി നടൻ | - 3 എണ്ണം | 10,000/- രൂപ വീതം |
| മികച്ച പ്രവാസി നടി | - 3 എണ്ണം | 10,000/- രൂപ വീതം |

അഖിലേന്ത്യാ തലത്തിൽ മികച്ച അവതരണം, നടൻ, നടി എന്നീ അവാർഡുകൾ നേടിയ മേഖലകളിൽ പ്രത്യേകമായി ഈ ഇനങ്ങൾക്ക് മേഖലാ തല അവാർഡുകൾ നല്കുന്നതല്ല.

15. നാടക മത്സരങ്ങളുടെ അവതരണ ചിലവിലേക്കായി 15,000/- രൂപ വീതം ഓരോ സംഘത്തിനും അക്കാദമി അനുവദിക്കുന്നതായിരിക്കും.

16. നാടകസമിതികൾ മത്സരത്തിനുള്ള രചനകൾ അപേക്ഷസഹിതം <u>2017 ആഗസ്റ്റ് 17 നകം</u> കേരള സംഗീത നാടക അക്കാദമി സാംസ്കാരിക സമിതിക്ക് സമർപ്പിക്കേണ്ടതാണ്. നാടകങ്ങൾ <u>അവതരിപ്പിക്കേണ്ടത് ഒക്ടോബർ - നവംബർ</u> മാസങ്ങളിലായിരിക്കും.

സെക്രട്ടറി.